## പതിന്നാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5066** **28/10/2016** ൽ മറുപടിക്ക്

## സാൻഡ് ഓഡിറ്റ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
| --- | --- | --- |
| എ) | ബഹു ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പമ്പ, അച്ചൻകോവിൽ, മണിമല, എന്നീ നദികളിലെ സാൻഡ് ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ മൂന്നു നദികളിലേയും ഓഡിറ്റിന്റെ വിശദാംശങ്ങൾ പ്രത്യേകം ലഭ്യമാക്കാമോ;<br>പൂർത്തീകരിച്ചില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;<br>ഓഡിറ്റിംഗ് എന്നു പൂർത്തീകരിക്കും എന്ന് അറിയിക്കാമോ; | എ) കോട്ടയം ജില്ലയിലെ മണിമലയാറിന്റെ സാൻഡ് ഓഡിറ്റ് നടത്തി റിപ്പോർട്ട് കോട്ടയം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ആര്യങ്കാവ്, പിറവന്തൂർ ഗ്രാമപഞ്ചായത്തുകളിലൂടെയാണ് അച്ചൻകോവിലാറ് ഒഴുകുന്നത്. ആര്യങ്കാവ്, ഗ്രാമപഞ്ചായത്തിൽ മണൽ കടവുകളൊന്നും നിലവിലില്ലാത്തതും പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ 2011 ന് ശേഷം അച്ചൻകോവിലാറിൽ നിന്നും മണൽ ഖനനം നടത്തിയിട്ടില്ലാത്തതുമാണ്. പത്തനംതിട്ട ജില്ലയിൽ പമ്പ, മണിമല, അച്ചൻകോവിൽ എന്നീ നദികൾ ഒഴുകുന്ന ഗ്രാമ പഞ്ചായത്തുകളിലെ സാന്റ് ഓഡിറ്റ് 2013 വരെ പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ നദിയിലെ സാന്റ് ഓഡിറ്റിന്റെ റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ട്. മണിമലയാറിലെ സാൻഡ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. അച്ചൻകോവിലാറിന്റെ സാൻഡ് ഓഡിറ്റിന്റെ ഒന്നാം ഭാഗം പൂർത്തിയായിട്ടുണ്ട്. |
| ബി) | മണൽ ഖനനവുമായി ബന്ധപ്പെട്ട് കടവ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; മുകളിൽ സൂചിപ്പിച്ചിരിക്കുന്ന നദികളിലെ മണൽ ഖനനം നിർത്തിവച്ചിരിക്കുന്നത് എന്നു മുതലാണെന്ന് അറിയിക്കാമോ: | ബി) കൊല്ലം ജില്ലയിൽ ബാധകമായ ഗ്രാമ പഞ്ചായത്തുകളിൽ കടവ് കമ്മിറ്റികൾ ഉണ്ട്. കൊല്ലം ജില്ലയിൽ 01/06/2015 മുതൽ മണൽ ഖനനം നിർത്തി വെച്ചിരിക്കുന്നു. പത്തനംതിട്ട ജില്ലയിൽ ബാധകമായ ഗ്രാമ പഞ്ചായത്തുകളിൽ മണൽ ഖനനം നിരോധിച്ചിട്ടുള്ളതിനാൽ കടവ് കമ്മിറ്റികൾ നിലവിലില്ല. ബഹു. ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി) 37940/2010/F നമ്പർ ഉത്തരവു പ്രകാരം 21/12/2010 മുതൽ പത്തനംതിട്ട ജില്ലയിൽ മണൽ ഖനനം നിർത്തി വെച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ ബാധകമായ ഗ്രാമ പഞ്ചായത്തുകളിൽ കടവ് കമ്മിറ്റികൾ നിലവിലില്ല. |

.........2

| | | |
|---|---|---|
| | | ജില്ലയിൽ 2002 ന ശേഷം കടവുകൾ പ്രവർത്തിക്കുന്നില്ല. പന്തളം നഗരസഭയിൽ കടവ് കമ്മിറ്റി നിലവിലുണ്ട്. 2011 മുതൽ മണൽ വാരൽ ടി കടവിൽ നിർത്തിവെച്ചിട്ടുള്ളതാണ്. |
| സി) | കെട്ടിട നിർമ്മാണത്തിനും മറ്റും നദിയിലെ മണൽ അധികമായി ഖനനം ചെയ്യുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) നിലവിൽ മണൽ ഖനനം നടത്തുന്നതിന് അനുമതി നൽകുന്നില്ല. അനധികൃത മണൽ വാരൽ നിയന്ത്രിക്കുന്നതിന് കടവുകളിൽ റവന്യൂ, പോലീസ് വിഭാഗത്തിന്റെ സഹായത്തോടെ നിരന്തര പരിശോധന നടത്തുകയും കടവുകളിൽ വാഹനങ്ങൾ പ്രവേശിക്കുന്നത് തടയാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ